വൻകിടജലസേചന പദ്ധതികൾ

545. [12] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) വൻകിട ജലസേചനപദ്ധതികൾ എത്ര എണ്ണം കേരളത്തിൽ ഉണ്ട് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെയായി പണം അനുവദിക്കുന്നതെന്ന ആവശ്യം കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) പണി നടന്നുകൊണ്ടിരിക്കുന്ന 18 വൻകിട ജലസേചനപദ്ധതികൾ ഉണ്ട്.

(ബി) ഉണ്ട്.

ശ്രീ. കെ. ആർ. വിജയൻ : ഈ പദ്ധതികൾക്ക് വിദേശസഹായം ലഭിക്കുന്നതിനുവേണ്ടി ഈ ഗവണ്മെന്റ് വല്ല നടപടികളും എടുത്തിട്ടുണ്ടോ; അങ്ങനെ വിദേശസഹായം ലഭിക്കുമെന്നു വല്ല സൂചനയും ഉണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ഈ പദ്ധതികൾക്കു വേണ്ടി ഇപ്പോൾ നാമമാത്രമായിട്ടുള്ള അലോട്ടുമെന്റുകൾമാത്രമേ വച്ചിട്ടുള്ളൂ. ഇവയ്ക്കു ആവശ്യമായ ഫോറിൻ എക്സ്ചേഞ്ചിനെപ്പറ്റിയെല്ലാം ആലോചിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : കരിയാർകുറ്റി പ്രോജക്റ്റു കൂടി ഈ പദ്ധതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അതിന്റെ പണിയും ഈ മൂന്നാംപദ്ധതിയിൽത്തന്നെ ആരംഭിക്കണമെന്ന് ആ പ്രദേശത്തുള്ള ജനങ്ങളിൽ നിന്നും ഗവണ്മെന്റിലേക്കു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : അങ്ങനെ ഒരു നിവേദനം ഗവണ്മെന്റിനു ലഭിച്ചു. ഡിപ്പാർട്ടുമെന്റ് അതു ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ഇതും പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ പുതിയ പദ്ധതികൾക്കു ക്ലിയറൻസ് കിട്ടിക്കഴിഞ്ഞിട്ടില്ലാ എന്നു പറഞ്ഞു. എന്നാൽ അതേ സംബന്ധിച്ചുള്ള ഒരു കാൺഫറൻസ് കഴിഞ്ഞുവന്ന ഉടനെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതായി ഓർക്കുന്നു, ഒരുമാസത്തിനകം കല്ലടപദ്ധതിയുടെ ക്ലിയറൻസ് കിട്ടുമെന്ന്. ഇനിയും അതിന്റെ ക്ലിയറൻസു കിട്ടിക്കഴിഞ്ഞിട്ടില്ലാ എന്നാണോ?

ശ്രീ. ഇ. പി. പൗലോസ് : ഒരു മാസത്തിനകം കഴിയുന്നിടത്തോളം ഇതിന്റെ ക്ലിയറൻസു കൊടുക്കാമെന്നു ആ കാൺഫറൻസു നടന്നുകൊണ്ടിരുന്നപ്പോൾ അതിനു വൈദഗ്ദ്ധ്യമുള്ള ഒരു വിഭാഗം അവിടെവച്ചു ഒരു നിർദ്ദേശം കൊടുത്തു. അതനുസരിച്ചാണ് കഴിയുന്നതും ഒരു മാസത്തിനകത്തു ക്ലിയറൻസു കിട്ടും എന്നു പറയാൻ ഇടയായിട്ടുള്ളതു".

ശ്രീ. ഇ. പി. ഗോപാലൻ : മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാഞ്ഞിരപ്പുഴ പദ്ധതിക്ക് 1963–64-ൽ രണ്ടുലക്ഷം രൂപയും 1964–65-ൽ ഒരു ലക്ഷത്തി അറുപതിനായിരം രൂപയും വകകൊള്ളിച്ചിരിക്കുന്നതായിക്കാണുന്നു. ഇങ്ങനെ ഓരോ കൊല്ലവും അതിലേക്കുവേണ്ടി വച്ചിട്ടുള്ള തുക കുറച്ചു കുറച്ചു വകയിരുത്തുകയാണെങ്കിൽ ഏതു കൊല്ലത്തിലാണ് അതു പൂർത്തിയാക്കുക. ഇതു കൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷിക്കാർക്ക് വെള്ളം കിട്ടുന്നതിനുള്ളപദ്ധതിതന്നെയാണോ ?

ശ്രീ. ഇ. പി. പൗലോസ് : കൃഷിക്ക് വെള്ളം കിട്ടണമെന്നതന്നെയാണ് ഉദ്ദേശം. അതിനു രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു ആരംഭിച്ചിട്ടുള്ളതും, പൂർത്തിയാകാത്തതുമായ സ്പിൽഓവർ വർക്കുകൾക്ക് ഇനിയും കൂടുതൽ പണം ആവശ്യമുള്ളതുകൊണ്ടു ഓരോ കൊല്ലവും ഈ വർക്കുകൾക്ക് വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പണം പ്ലാൻ സീലിംഗിൽ നിറുത്തി ആരംഭിച്ചിട്ടുള്ള വർക്കുകൾ പൂർത്തിയാക്കിയതിനുശേഷം പുതിയ പദ്ധതികൾക്കുവേണ്ടി കൂടുതൽപണം അലോട്ടുചെയ്യുമെന്നാണ് അലോട്ടുമെന്റു കൊണ്ടുപോയി എന്നു മാത്രമേയുള്ളൂ. പിന്നീട് മുഴുവൻ തുകയും ഈ പദ്ധതികൾക്കുവേണ്ടി വീതിക്കാവുന്നതാണ്.

ശ്രീ. സി. അച്യുതമേനോൻ : ഈ പദ്ധതിയുടെ ക്ലിയറൻസു കിട്ടിക്കഴിഞ്ഞിട്ടില്ലാ എന്നു പറഞ്ഞു. കഴിഞ്ഞ കൊല്ലവും ഇതുതന്നെയാണു പറഞ്ഞതു്. ഇതു മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകളാണു്. മൂന്നാം പദ്ധതി ആരംഭിച്ചിട്ടുതന്നെ ഇപ്പോൾ നാലുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഈ ക്ലിയറൻസു കിട്ടാത്തതിനുള്ള കാരണം നമ്മുടെ ഈ ഗവണ്മെന്റിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ ഇതിന്റെ ഡിസൈനെപ്പറ്റിയും മറ്റും വൈദഗ്ദ്ധ്യം ഇല്ലാത്തവരായതുകൊണ്ടുള്ള കുഴപ്പമാണോ, എന്താണു് ഇതിന്റെ രഹസ്യം എന്നു അറിഞ്ഞാൽകൊള്ളാം. അങ്ങനെയാണെന്നുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള നടപടിയെടുത്താൽ കൊള്ളാം. ഈ നാലുകൊല്ലം കഴിഞ്ഞിട്ടും ക്ലിയറൻസു കിട്ടിയില്ലാ എന്നു പറയുന്നതിൽനിന്നും മനസിലാക്കേണ്ടതു ഇവിടെനിന്നും അയയ്ക്കുന്ന ശുപാർശകൾ അവർ സ്വീകരിക്കുന്നില്ല എന്നുള്ളതല്ലേ ?

ശ്രീ. ഈ. പി. പൗലോസു് : രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു ഏറ്റെടുത്തിട്ടുള്ള വർക്കുകൾതന്നെ ഇപ്പോൾ ഓരോ കാരണം പറഞ്ഞിട്ടു ചിലതിനു ക്ലിയറൻസു കിട്ടാതെ ഉണ്ടെന്നുള്ള വസ്തുത ഒരുപക്ഷേ ബഹുമാനപ്പെട്ട മെമ്പർക്കു് അറിയാമായിരിക്കും. ഇതു ഇവിടെ മാത്രമല്ല, മറ്റു പല സംസ്ഥാനങ്ങളിലും ഇങ്ങനെയുള്ള പദ്ധതികൾക്കു ക്ലിയറൻസു കിട്ടാതെയുണ്ടു്. ഇക്കാര്യം പലപ്പോഴും സെൻട്രൽ വാട്ടർ പവ്വർ കമ്മിഷനുമായി ഈ ഗവണ്മെന്റു ചർച്ചയ്ക്കു വിഷയമാക്കീട്ടുണ്ടു്. അല്ലാതെ ഇവിടെ വിദഗ്ദ്ധന്മാർ ഇല്ലാത്തതുകൊണ്ടാണെന്നുള്ളതുകൊണ്ടൊന്നുമല്ല. എക്സ്പർട്ടസ് തമ്മിൽ ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഉദാഹരണത്തിനു, പോത്തുണ്ടി സ്കീംതന്നെ രണ്ടാം പഞ്ചവൽസരപദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പണിയാണു്. അതിന്റെ ക്ലിയറൻസു ഈ അടുത്ത ദിവസമാണു വന്നതു്. ഇക്കാര്യങ്ങളൊം ഇവിടെ ഇരുന്നു ഈ സംസ്ഥാന ഗവണ്മെന്റുതന്നെ തീരുമാനിക്കാവുന്നതല്ല. സെൻട്രൽവാട്ടർ പവ്വർ കമ്മിഷനുമായി ചർച്ചചെയ്തു തീരുമാനമെടുക്കേണ്ടതാണു്.

ശ്രീമതി. ഓ. ടി. ശാരദാകൃഷ്ണൻ ; കുറിയാടി പദ്ധതിക്കു 8 ലക്ഷം രൂപാമാത്രമാണു് 1964–65–ൽ നീക്കിവച്ചിരിക്കുന്നതു്. എന്നാൽ 1963–64–ൽ അതിന്റെ പ്രിലിമിനറി വർക്കിനുവേണ്ടി 23 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടായിരുന്നു എന്നു പറഞ്ഞു. അപ്പോൾ എങ്ങനെയാണു് ആ വർക്കു പൂർത്തിയാക്കാൻ സാധിക്കുന്നതു് ?

ശ്രീ. ഈ. പി. പൗലോസു്: അതിന്റെ ആവശ്യത്തിനുവേണ്ടിയുള്ള റോഡുകളും കാർട്ടേഴ്സും നിർമ്മിക്കുക ഇതൊക്കെയാണു് പ്രിലിമിനറിവർക്കു എന്നു പറയുന്നതു്. അതിനു കൂടുതൽ പണം ചെലവാക്കിക്കഴിഞ്ഞു.

ശ്രീ. ടി. കൃഷ്ണൻ : ബഹുമാനപ്പെട്ടമന്ത്രി വായിച്ച ഉത്തരത്തിൽ രണ്ടാമത്തെ പേരു് കല്ലട എന്നുകേട്ടു. അവിടെ ഈസ്റ്റു് കല്ലടയിൽപെട്ട ഓണമ്പള്ളി തോടു ശരിയാക്കുന്നപക്ഷം വളരെ അധികം നെൽക്കൃഷി നടത്തുന്നതിനു സാദ്ധ്യതയുണ്ടെന്നു അവിടെയുള്ള മുന്നൂറിൽപരം പറ നിലം കൃഷിക്കാരായിട്ടുള്ളവരുടെ ഒരു നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ഈ പി. പൗലോസു്: ഇതു മൂന്നാംപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേജർ സ്കീംസിനെപ്പറ്റിയുള്ളതാണു ചോദ്യം. അതേപ്പറ്റി പ്രത്യേകം ചോദിച്ചാലേ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : നമ്മുടെ സ്റ്റേറ്റിൽ ഈ സഹകാര്യ പ്രസ്ഥാനങ്ങളുടെ കീഴിൽ ചില ചെറിയ ജലസേചനപദ്ധതികളും ഉണ്ട്. അവർ മറ്റു കൃഷിക്കാരിൽനിന്നും അന്യായമായി ചാർജ്ജ് ഈടാക്കുന്നു എന്നുള്ളതായി ഗവണ്മെന്റിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ. അതേപ്പറ്റി ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ ആലോചിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഒരു പ്രത്യേക ചോദ്യമാണെങ്കിൽ ചോദിച്ചാൽ വളരെ വിശദമായിട്ട് മറുപടി പറയാം. അതേപ്പറ്റി അനുകൂലമായ അഭിപ്രായമാണ് ഡിപ്പാർട്ടുമെന്റിനും ഗവണ്മെന്റിനും ഉള്ളത്.

കാർഷികോൽപ്പാദനം.

* 546. [9] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ആദ്യത്തെ മൂന്നു വർഷത്തിൽ ഓരോ കൊല്ലവും കാർഷികോല്പാദനം എത്ര ശതമാനം കണ്ടു വർദ്ധിപ്പിക്കാനായിരുന്നു ഗവണ്മെന്റിന്റെ ലക്ഷ്യം ; ഓരോ കൊല്ലത്തിലേയും വർദ്ധനവു എത്ര ശതമാനമായിരുന്നു ;

(ബി) മൂന്നാം പദ്ധതിയുടെ ആദ്യത്തെ മൂന്നു വർഷത്തിൽ ഓരോ വർഷവും കാർഷികോല്പാദനത്തിനു നീക്കിവച്ച തുകയും ചെലവായ തുകയും എത്ര ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ, ബി) ഓരോ കൊല്ലത്തിലേക്കും മൊത്തം കാർഷികോല്പാദനം എത്രകണ്ടു വർദ്ധിപ്പിക്കണമെന്നു കേരളത്തിനുമാത്രമായി നിശ്ചയിച്ചിട്ടില്ല. പ്രധാനവിളവുകളുടെ കൂടുതലായുള്ള ഉല്പാദനത്തിനു പദ്ധതിക്കാലത്തേക്കു ലക്ഷ്യങ്ങളും നിശ്ചയിച്ചിട്ടുണ്ട്. കാർഷികോല്പാദനത്തിന്റെ ലക്ഷ്യവും ലക്ഷ്യപ്രാപ്തിയും, കാർഷികോല്പാദനത്തിനു വേണ്ടി നീക്കിവച്ച തുകയും ചെലവായ തുകയും കാണിക്കുന്ന വിവരങ്ങളും താഴെ കൊടുക്കുന്നു.

കാർഷികോല്പാദനത്തിന്റെ ലക്ഷ്യവും ലക്ഷ്യപ്രാപ്തിയും കുറിക്കുന്ന പട്ടിക.

വർഷം	വിളവ്	ലക്ഷ്യം	ലക്ഷ്യപ്രാപ്തി
	അരി ലക്ഷം ടൺ	അരി ലക്ഷം ടൺ	അരി ലക്ഷം ടൺ
1960-61	10.51		
1961-62		10.90	9.88
1962-63		11.55	10.76
1963-64		12.30	വിവരങ്ങൾ ലഭിച്ചിട്ടില്ല.

ഇതൊരു വലിയ ലിസ്റ്റാണ്, ഇനി കരിമ്പ്, തെങ്ങ്, അടയ്ക്ക, കശുവണ്ടി, കുരുമുളക് ഇതേസംബന്ധിച്ചുള്ള വിവരങ്ങളും ഉണ്ട്. അതു മേശപ്പുറത്തു വയ്ക്കാം †

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly